(ബി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഗാന്ധിസ്മൃതി വനം, കോട്ടൂരിലേയും കാപ്പുകാട്ടേയും ആന സംരക്ഷണ കേന്ദ്രങ്ങൾ പദ്ധതികൾക്കായി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ഇക്കോ ടൂറിസം പദ്ധതിക്ക് തുടർന്നുള്ള വർഷങ്ങളിൽ വകയിരുത്തിയ തുകയും അനുവദിക്കപ്പെട്ട തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

തുക ലക്ഷത്തിൽ

വർഷം	വകയിരുത്തിയ തുക	അനുവദിക്കപ്പെട്ട തുക	പിൻവലിക്കാതെ അവശേഷിക്കുന്ന തുക
2013-14	605.00	605.00	35.89 (Balance)
2014-15	682.00	682.00	15.04 (Balance)
2015-16	700.00	700.00	579.29 (ongoing)

തെക്കേ ഇന്ത്യൻ വനം വകുപ്പുമന്ത്രിമാരുടെ സമ്മേളനം

285 (2114) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കേ ഇന്ത്യൻ വനം വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിനുള്ള തുക അനുവദിച്ചുകൊണ്ട് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സമ്മേളനത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഇനംതിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സമ്മേളനത്തിന് ഉപഹാരങ്ങൾ വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഇതിൽ വിതരണം ചെയ്യാത്ത ഉപഹാരങ്ങൾ എത്ര എണ്ണം ഉണ്ടെന്നും അവ എന്തു ചെയ്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിന് 5-8-2015-ാം തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 370/2015/വനം-വന്യജീവി പ്രകാരം 35 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ടി സമ്മേളനത്തിനായി 29,51,623 രൂപ (ഇരുപത്തൊൻപത് ലക്ഷത്തി അമ്പത്തിഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ആയത് ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

പ്രോഗ്രാം കമ്മിറ്റി	...	189168.00
ലോജിസ്റ്റിക് കമ്മിറ്റി (ഉപഹാരം, ഗതാഗതം ഉൾപ്പെടെ)	...	366114.00
പരസ്യപ്രചാരണം, കലാസന്ധ്യ	...	1070480.00
താമസം, ഭക്ഷണം	...	1325861.00
ആകെ	...	2951623.00

(സി) ഉപഹാരങ്ങൾ വാങ്ങുന്നതിനായി 1,27,500 (ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവായി. ആറന്മുള കണ്ണാടികളാണ് വാങ്ങിയത്. ആകെ 25 കണ്ണാടികൾ വാങ്ങിയതിൽ 17 എണ്ണം അതിഥികൾക്ക് നൽകി. ബാക്കി 8 എണ്ണം വനം വകുപ്പിന്റെ സ്റ്റോക്കിലുണ്ട്.

ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ

286 (2115) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിലവിൽ നിയന്ത്രണങ്ങളുണ്ടോ ; വിശദമാക്കാമോ ;

(ബി) പുതുതായി ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി നൽകുന്നുണ്ടോ ; ഇവ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(സി) നിലവിലുള്ള ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ?

ഉത്തരം

(എ)നിയന്ത്രണങ്ങളുണ്ട്. 30-10-2002-ന് മുമ്പ് മുതൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകളോട് ചേർന്ന് പ്രസ്തുത തീയതിക്കുമുമ്പ് പ്രവർത്തനമാരംഭിച്ച ഫർണിച്ചർ യൂണിറ്റുകൾക്ക് മാത്രമേ തുടർന്നും അതേ മാതിരി പ്രവർത്തിക്കാൻ അനുമതിയുള്ളൂ.

(ബി) പുതുതായി തുടങ്ങുന്ന ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വനം വകുപ്പ് ലൈസൻസ് അനുവദിക്കുന്നുണ്ട്. ലൈസൻസ് ലഭിക്കുന്നതിനായി നിശ്ചിത ഫീസടച്ച് നിശ്ചിത ഫോറത്തിൽ ലൈസൻസിനായുള്ള അപേക്ഷ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. ലൈസൻസ് ലഭിക്കുന്നതിന് 3-8-2012-ലെ സ.ഉ. (സാധാ)398/2012/വനംനമ്പർ ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ നിക്ഷേപം അടയ്ക്കേണ്ടതുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly